# വാലന്റൈൻ ഡേക്കു
# പിന്നിലെ രാഷ്ട്രീയം

ലോകകമിതാക്കളുടെ ഒരു ദിനം കൂടി കഴിഞ്ഞു. കോടിക്കണക്കിന് കമിതാക്കൾക്ക് “തുറന്ന” അവസരമേകുന്ന വർഷത്തിലെ ഏകദിനം.

പക്ഷേ, ഒന്നുണ്ട്. പടിഞ്ഞാറിന് പഥ്യമായതെല്ലാം നമുക്ക് പാകമല്ലെങ്കിലും അത് നമ്മുടെ അടുക്കളയിലും അറയിലും തിരുകിവെക്കണമെന്ന വിധത്തിലാണ് നമ്മുടെ ജീവിതശൈലി. പടിഞ്ഞാറ് ഉപേക്ഷിച്ച പലതിനെയും ഭക്തിയോടെയാണല്ലോ നാം കൊണ്ടുനടക്കുന്നത്.

ജീവിതത്തിന് എന്തെങ്കിലും ലക്ഷ്യമോ ക്രിയാത്മകമായി എന്തെങ്കിലും ചെയ്യുവാനോ ഇല്ലാത്തവർക്ക് എങ്ങനെയും സമയം നീക്കാനുള്ള ഏർപ്പാടുകളാണ് ഇന്ന് ആഘോഷിക്കപ്പെടുന്ന പലതും.

വാലൻെറൻ ഡേ പിന്തിരിപ്പ-മുതലാളിത്ത നയത്തിൽനിന്ന് ഉടലെടുത്തതാണ്. തൻെറ രാജ്യത്തെ യുവാക്കളുടെ സേവനം ദീർഘകാലം നാടിന് ലഭിക്കുന്നതിന് റോമാഭരണാധികാരി വിവാഹം നിരോധിക്കുകയുണ്ടായി. ഈ അറുപിന്തിരിപ്പൻ മനോഭാവത്തിന് എതിരായിരുന്നു പള്ളിമേധാവി വാലൻെറൻ. അതിനാൽ അദ്ദേഹത്തിൻെറ ശ്രമഫലമായി വർഷത്തിൽ ഒരുദിനം കാമുകീകാമുകന്മാർക്ക് കൂടിച്ചേർന്ന് ആഘോഷിക്കാനുള്ള അവസരമായി അംഗീകരിക്കപ്പെട്ടു. ഇതാണ് ലോകകമിതാക്കളുടെ ദിനത്തിൻെറ പിന്നിലുള്ള സംഗതി. ഈ ദിനത്തിൻെറ പേരിൽ അന്ന് അവിഹിതബന്ധങ്ങൾ ഉണ്ടാവുകയോ ഇല്ലാതിരിക്കുകയോ ചെയ്യട്ടെ, സാംസ്കാരികമായി നമ്മെ സഹായിക്കാത്ത എല്ലാറ്റിനെയും നാം തള്ളിക്കളയുക തന്നെ വേണം. കാരണം, ഒന്നും ചെയ്യാനില്ലാത്തവരല്ല നാം. സമ്പന്നമായ ഒരു സംസ്കാരത്തിൻെറ വക്താക്കളാണ് നാം. ഭാവിക്കുവേണ്ടി ഒത്തിരി പദ്ധതികളുള്ളവരുമാണ്. ജീവിതലക്ഷ്യമില്ലാത്തവൻെറ അരാജകത്വമാകരുത് നമ്മെ നയിക്കേണ്ടത്.

കുടുംബജീവിതം, ദാമ്പത്യബന്ധം എന്നിവയെപ്പറ്റി തികഞ്ഞ മൂല്യാത്മകമായ ബോധവും അറിവുമുള്ളവരാണ് നാം. ആ അറിവ് ഉന്നതമായ നമ്മുടെ സംസ്കാരത്തിൻെറ അടിത്തറയിൽ പ്രതിഷ്ഠിക്കപ്പെട്ടതാണ്. “ഒന്നുമില്ലാത്ത”വൻെറ കേളികൾക്കു വേണ്ടി നമ്മുടെ മൂല്യാത്മകമായ അടിത്തറയെ നാം നശിപ്പിക്കരുത്.

ജീവിക്കാനുള്ളതാണ് നമ്മുടെ സംസ്കാരം. നമ്മുടെ വ്യക്തിജീവിതം മുതൽ കുടുംബ-സമൂഹതലം വരെ ഈ സംസ്കാരത്തിൽ അധിഷ്ഠിതമാകാൻ നാം പരമാവധി ശ്രമിക്കണം. അതിന് വിഘാതം വരുത്തുന്നത് നമ്മുടെ അസ്വസ്ഥതക്ക് കാരണമാക്കും, തീർച്ച.